പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2837 — 7/12/2018 ൽ മറുപടിക്ക്

## പ്രളയത്തിൽ കന്നുകാലി കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം<br>ശ്രീ.**മഞ്ഞളാംകുഴി അലി**: | | മറുപടി<br>അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കന്നുകാലി കർഷകർക്ക് എന്തെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | എ) | ഉണ്ട്, പശു-2, കിടാരി-2, ആട്-5, എരുമ-1, കോഴി-18513 എന്നിവ മരണപ്പെട്ടു, കൂടാതെ കാലിതൊഴുത്ത്-10, കോഴിക്കൂട്-8 എന്നിവ തകർന്നു. |
| ബി) | ഇത്തരത്തിൽ നാശനഷ്ടങ്ങളുണ്ടായവർക്ക് എന്തെല്ലാം സഹായമാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിൽ എത്ര കർഷകർക്ക് എന്തെല്ലാം സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എത്ര പേർക്ക് എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കുമോ; | ബി) | ദുരന്തനിവാരണ മാനദണ്ഡപ്രകാരം ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതിനു വേണ്ടി സർക്കാരിന്റെ സജീവ പരിഗണനയിലുള്ള പ്രൊപ്പോസലിൽ 29 കോടി രൂപ ആദ്യഗഡുവായി ഉത്തരവായിട്ടുണ്ട്. കൂടാതെ നവകേരള സൃഷ്ടി പ്രകാരം മൃഗസംരക്ഷണ മേഖലയിൽ 77 കോടി രൂപയുടെ പുനരധിവാസ പാക്കേജും സർക്കാർ പരിഗണിച്ചുവരുന്നു. ജില്ലാ ഭരണകൂടം മുഖേന 2 കർഷകർക്ക് പശുക്കൾ നഷ്ടപ്പെട്ടതിന് ₹30000/- രൂപ നിരക്കിൽ മൊത്തം ₹60000/- രൂപ നൽകി. 14 കർഷകർക്ക് 18513 കോഴികൾ, 8 കർഷകർക്ക് 8 കോഴി കൂടുകൾ, 2 കർഷകർക്ക് 2കിടാരി,10 കർഷകർക്ക് തൊഴുത്ത്, 1 കർഷകന് 5 ആട് 1 ആട്ടിൻ കൂട്, 1 കർഷകന് 1 എരുമ എന്നിവയ്ക്കുള്ള ധനസഹായം നൽകുവാൻ ബാക്കിയുണ്ട് |
| സി) | പ്രളയത്തെ തുടർന്ന് കന്നുകാലികൾ മരണമടഞ്ഞും തൊഴുത്തുകൾക്ക് നാശ നഷ്ടമുണ്ടായിട്ടുള്ളതും മറ്റ് തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതുമായ എല്ലാ കർഷകർക്കും അർഹമായ എല്ലാ സഹായങ്ങളും അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ